gulfmadhyamam
2015 ജനുവരി 29 ● വ്യാഴം

# ഷാജിയുടെ കുടുംബത്തിന് ഒരുമ സഹായം കൈമാറി

● പദ്ധതിയെക്കുറിച്ച് അറിയാൻ 97939049 നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം

**കുവൈത്ത് സിറ്റി:** ഒരുമ സാമൂഹികക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ മരിച്ച മലപ്പുറം കീഴത്തൂർ തച്ചിനാട് കിഴക്കെ പുരക്കൽ വീട്ടിൽ ഷാജിയുടെ കുടുംബത്തിനുള്ള സഹായധനം കൈമാറി. ഷാജിയുടെ വീട്ടിൽ നടന്ന ചടങ്ങിൽ മൂന്നു ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് ജമാഅത്തെ ഇസ്ലാമി ജില്ലാ സമിതിയംഗം എം.ഐ. അബ്ദുൽ റഷീദ് ഷാജിയുടെ ഭാര്യക്ക് കൈമാറി. കീഴത്തൂർ പഞ്ചായത്ത് സെക്രട്ടറി അൻവർ നെന്മാണി, സാമൂഹിക പ്രവർത്തകരായ യാസിർ അറഫാത്ത്, മുനീബ്, കെ.ഐ.ജി കുവൈത്ത് പ്രതിനിധികളായ സൈഫുർറൈഹാൻ, അബ്ദുൽ അസീസ്, അംജദ് പുത്തൻപുരക്കൽ എന്നിവർ സംബന്ധിച്ചു. കെ.ഐ.ജിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് 97939049 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.